"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ഇടുക്കി ജില്ലയിലെ കർഷകരായ ശ്രീ. റജി കെ. കെ, ശ്രീ. ശ്രീഹരി കെ. കെ എന്നീ കർഷകർക്ക് കൃഷിനാശത്തിനുള്ള വിള ഇൻഷുറൻസ് നഷ്ടപരിഹാരത്തുക സംസ്ഥാന സഹകരണ ബാങ്കിലെ വിള ഇൻഷുറൻസ് ഫണ്ടിൽ നിന്നും മാനുവലായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു .

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.356/2023/AGRI തീയതി,തിരുവനന്തപുരം, 10-04-2023

പരാമർശം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 09/03/2023 തീയതിയിലെ ADFW/1104/2023-TR2 നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ കർഷകരായ ശ്രീ. റജി കെ. കെ, ശ്രീ. ശ്രീഹരി കെ. കെ എന്നീ കർഷകർക്ക് കൃഷിനാശം സംഭവിച്ചിട്ടുള്ളതും, പ്രീമിയം തുക ഒടുക്കിയ ചലാൻ സമയബന്ധിതമായി എയിംസ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യാതിരുന്നതിനാൽ പോളിസി അനുവദിക്കുന്നതിന് കാലതാമസം നേരിടുകയും, എയിംസ് പോർട്ടൽ മുഖേന ഇൻഷുറൻസ് ക്ലെയിം ചെയ്യാൻ സാധിക്കാത്തതുമാണെന്നും ആയതിനാൽ ടി കർഷകർക്കുള്ള നഷ്ടപരിഹാരത്തുക സംസ്ഥാന സഹകരണ ബാങ്കിലെ വിള ഇൻഷുറൻസ് ഫണ്ടിൽ നിന്നും മാനുവലായി അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം കൃഷി ഡയറക്ടർ അഭ്യർഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ കർഷകരായ ശ്രീ. റജി കെ. കെ ശ്രീ. ശ്രീഹരി കെ. കെ എന്നീ കർഷകർക്ക് കൃഷിനാശത്തിനുള്ള വിള ഇൻഷുറൻസ് നഷ്ടപരിഹാരത്തുക സംസ്ഥാന സഹകരണ ബാങ്കിലെ വിള ഇൻഷുറൻസ് ഫണ്ടിൽ നിന്നും മാനുവലായി അനുവദിക്കുന്നതിന് കാർഷികവികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
V L BEENA
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Vineeshkumar

Date: 10-04-2023 16:57:47

സെക്ഷൻ ഓഫീസർ